"ഭരണഭാഷ - മാതൃഭാഷ"

കേരള കാർഷികസർവകലാശാല

വിജ്ഞാപനം

നം. **RRSVLA/1061/2026-A2** തീയതി. വെള്ളാനിക്കര, **08-09-2026**

വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ നടപ്പിലാക്കുന്ന **KERA** പ്രോജക്ടിന് കീഴിൽ സ്കിൽഡ് അസിസ്റ്റന്റ് **(Skilled Assistant)** തസ്തികയിലേക്ക് താത്കാലിക അടിസ്ഥാനത്തിൽ **6** മാസക്കാലത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിനായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.

- വിദ്യാഭ്യാസ യോഗ്യത: **B.Sc. Agriculture** ബിരുദം. **(ICAR** അംഗീകൃതം)
- നിയമന കാലാവധി: **6** മാസം (താത്കാലികം)
- പ്രവർത്തന മേഖല: **KERA** പ്രോജക്ടിന് കീഴിലുള്ള ഫീൽഡ് നിരീക്ഷണങ്ങളും ട്രയൽ മാനേജ്മെന്റും.
- അഭിമുഖ തീയതിയും സമയവും: [തീയതി], രാവിലെ **10:30** മണിക്ക്.
- സ്ഥലം: നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില, എറണാകുളം.
- വേതനം : **750** രൂപ പ്രതിദിനം.

**നിബന്ധനകൾ:**

1. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ പൂരിപ്പിച്ച അപേക്ഷാ ഫോറവും വിശദമായ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും മുൻകൂട്ടി **rrsvyttila@kau.in** എന്ന ഇമെയിൽ വിലാസത്തിലേക്ക് 19-09-2026 **തീയതി]** വൈകുന്നേരം **5** മണിക്ക് മുൻപായി അയക്കേണ്ടതാണ്. ഇപ്രകാരം ഇമെയിൽ വഴി മുൻകൂട്ടി അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ അഭിമുഖത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.
2. മുൻകൂട്ടി അപേക്ഷ അയച്ച ഉദ്യോഗാർത്ഥികൾ 28-09-2026 രാവിലെ **10:00** മണിക്ക് വിദ്യാഭ്യാസ യോഗ്യത, വയസ്സ്, പ്രവർത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളും, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സെറ്റ് പകർപ്പുകളും സഹിതം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്.
3. കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ അഭിമുഖത്തിനു മുൻപായി എഴുത്തു പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. എഴുത്തു പരീക്ഷയിൽ നിശ്ചിത മാർക്ക് ലഭിക്കുന്നവരെ മാത്രമായിരിക്കും അഭിമുഖത്തിൽ പങ്കെടുപ്പിക്കുക. വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ അഭിമുഖത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.
4. ഈ താല്കാലിക നിയമനം വഴി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ചട്ടപ്രകാരമുള്ള പ്രതിമാസ വേതനമല്ലാതെ കേരള കാർഷിക സർവകലാശാലയിലെ മറ്റ് യാതൊരു സേവനാനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

5. കൂടുതൽ വിവരങ്ങൾക്കായി പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിലെ **0484-2809963** എന്ന നമ്പറിലോ **rrsvyttila@kau.in** എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്.

Digitally signed by
A K Sreelatha
Date: 08-09-2026
16:20:10

**Dr. Sreelatha A K**
**PROFESSOR AND HEAD**

പകർപ്പ്

നോട്ടീസ് ബോർഡ്/ **Web@kau**